# സർക്കുലർ

എൻ.എച്ച്.എം /3813/JC(SD)/2021/SPMSU

23/08/2025

വിഷയം : എൻ.എച്ച്.എം ആശ സർക്കുലർ സംബന്ധിച്ച്.

സൂചന : 1. സ.ഉ (സാധാ ) നം . 736/2025/H&FWD തീയതി 12.03.2025

2. സർക്കുലർ നം.എൻഎച്ച്എം /3813/JC(SD)/2021/SPMSU തീയതി 12/08/2025

കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യപ്രവർത്തകരായി സംസ്ഥാനത്തുടനീളം 26125 പേർ പ്രവർത്തിച്ചു വരുന്നു. ആശമാർക്ക് അവരുടെ പ്രവർത്തന പരിധിയിലെ ഓരോ ഗുണഭോക്താവിനും സേവനങ്ങൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആശ സോഫ്റ്റ് വെയർ വഴി ഇൻസെന്റീവും ഹോണറേറിയവും ആശമാരുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നു. ഇൻസെന്റീവും, ഹോണറേറിയവും താഴെ പറയുന്ന നിബന്ധനകൾക്ക് അനുസരിച്ച് നൽകേണ്ടതാണ്.

| നമ്പർ | വിഭാഗം | ഇൻസെന്റീവ് | ഇൻസെന്റീവ് തുക (രൂപ) | ഹെഡ് | ആശ ചെയ്യേണ്ട പ്രവർത്തനങ്ങൾ | പരിശോധിക്കേണ്ട രേഖകൾ | പരിശോധിച്ച് ഡാറ്റ എൻട്രി നടത്തുന്നവർ | ആശ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ട വിധം |
|---|---|---|---|---|---|---|---|---|
| 1 | | ജെ.എസ്സ്.വൈ | 300 രൂപ | | | 1. ആശ | ജെ പി | ഗുണഭോക്ത |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | -1 | ഗ്രാമ പ്രദേശങ്ങളിൽ<br>200 രൂപ നഗര പ്രദേശങ്ങളിൽ | 3.7 | 1. ഗർഭിണികളെ ആദ്യ മൂന്നു മാസങ്ങൾക്കുള്ളിൽ (12 ആഴ്ച്ച) തന്നെ കണ്ടെത്തി ആർ സി എച്ച് പോർട്ടലിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ജെ.പി.എച്ച്.എൻ നു നൽകുക.<br>2. ഗർഭിണിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ, ABHA നമ്പർ എന്നിവ ജെ.പി.എച്ച്.എൻ നു നൽകുക<br>3. ബാങ്ക് അക്കൗണ്ട് ഇല്ലാത്ത ഗർഭിണികൾക്ക് അക്കൗണ്ട് തുടങ്ങാൻ സഹായിക്കുക<br>4. മേൽ പറഞ്ഞ സേവനങ്ങൾ നൽകി കഴിഞ്ഞാൽ ജെ എസ് വൈ ഒന്നാം ഭാഗം ഇൻസെന്റീവ് ആശയ്ക്ക് നൽകേണ്ടതാണ്. | ഫീൽഡ് റഫറൻസ് ഗൈഡ്<br>2. ഗർഭിണിയുടെ ബാങ്ക് പാസ് ബുക്ക്<br>3. ആധാർ നമ്പർ<br>4. ABHA നമ്പർ<br>(അക്കൗണ്ട് നമ്പർ, ആധാർ എന്നിവയുടെ ഫോട്ടോ/ സോഫ്റ്റ് കോപ്പി) | എച്ച്. എൻ | ാക്കളുടെ എണ്ണം |
| 2 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | ജെ.എസ്സ്.വൈ -2 | 300 രൂപ ഗ്രാമ പ്രദേശങ്ങളിൽ<br>200 രൂപ നഗര പ്രദേശങ്ങളിൽ | 3.7 | 1. നാല് തവണയെങ്കിലും ഗർഭകാല പരിശോധനക്കായി ആശുപത്രിയിൽ (സർക്കാർ/ സ്വകാര്യ) എത്തുന്നുണ്ടെന്ന് ഉറപ്പാക്കുക<br>2. രണ്ട് ടി.ഡി എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുക (സർക്കാർ/സ്വകാര്യ)<br>3. ഡോക്ടറുടെ നിർദ്ദേശാനുസരണം അയൺഫോളിക് ആസിഡ് എടുക്കുന്നുണ്ടെന്നു ഉറപ്പാക്കുക. (സർക്കാർ /സ്വകാര്യ)<br>4. പ്രസവം സർക്കാർ ആശുപത്രിയിൽ നടന്നെന്ന് ഉറപ്പുവരുത്തുക | 1. ആശ ഫീൽഡ് റഫറൻസ് ഗൈഡ്<br>2. ഡിസ്ചാർജ്ജ് സമ്മറിയുടെ ഫോട്ടോ/ സോഫ്റ്റ് കോപ്പി | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | PMSMA – (Pradhan Mantri Surakshit Matritva Abhiyan) (പ്രത്യേക ശ്രദ്ധ ആവശ്യമുള്ള ഗർഭിണികളുടെ പരിചരണം (ഹൈ റിസ്ക്ക് പ്രഗ്നൻസി) ( ഭാഗം-1 ) | ഒരു കേസിന് 100 രൂപ | 6.7 | മൂന്ന് തവണയെങ്കിലും ഗർഭകാല പരിശോധനയ്ക്കായി ആശുപത്രിയിൽ (സർക്കാർ/ സ്വകാര്യ) എത്തുന്നുണ്ടെന്ന് ഉറപ്പാക്കുക. | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |
| ഗർഭിണികളിൽ തൂക്കത്തിൽ പ്രതീക്ഷിക്കുന്ന വർദ്ധനവ് ഉണ്ടാകുന്നില്ല, ബി. പി കൂടുന്നു, മൂത്രത്തിൽ ആൽബുമിന്റെ സാന്നിധ്യം, രക്തത്തിലെ പഞ്ചസാരയുടെ ഉയർന്ന അളവ്, വിളർച്ച, കാലിലെ നീര്, ജന്നി, പ്രതീക്ഷിത പ്രസവ തിയതിക്ക് ശേഷവും പ്രസവവേദന ഇല്ലാത്തത്, രക്തസ്രാവം തുടങ്ങിയവയാണ് ഹൈ റിസ്ക്ക് പ്രഗ്നൻസിയിലെ (HRP) പ്രധാന ലക്ഷണങ്ങൾ (Ref - MCP Card) | | | | | | | | |
| 4 | മാതൃ ആരോഗ്യ സംരക്ഷണം (Maternal | PMSMA - Pradhan Mantri Surakshit Matritva Abhiyan (പ്രത്യേക ശ്രദ്ധ | ഒരു കേസിന് 500 രൂപ | 6.7 | 1. പ്രസവം കഴിഞ്ഞ് 45 ദിവസത്തിന് ശേഷം അമ്മയും കുഞ്ഞും ആരോഗ്യത്തോടെയാണെന്ന് ബന്ധപ്പെട്ട JPHN / Doctor പരിശോധിച്ച് ഉറപ്പാക്കുക<br>2. ആശയുടെ EC ആയിരിക്കണം | 1. ആശ ഫീൽഡ് റഫറൻസ് ഗൈഡ്<br>2. MCP കാർഡിന്റെ സോഫ്റ്റ് കോപ്പി / ഡോക്ടർ പരിശോധിച്ച രേഖയുടെ ഫോ | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Health) | ആവശ്യമുള്ള ഗർഭിണികളുടെ പരിചരണം (ഹൈ റിസ്ക്ക് പ്രഗ്നൻസി ) ( ഭാഗം-- 2) | | | | ട്ടോ/ സോഫ്റ്റ് കോപ്പി | | |
| 5 | മാതൃ ആരോഗ്യ സംരക്ഷണം (Maternal Health) | Post-Natal Care for High Risk Mothers during HBNC (പ്രത്യേക ശ്രദ്ധ ആവശ്യമുള്ള അമ്മമാരുടെ പരിചരണം) ( ഭാഗം-3 ) | ഒരു കേസിന് 250 രൂപ | 6.7 | 1. HBNC സന്ദർശന വേളയിൽ താഴെ തന്നിരിക്കുന്ന അപകട സൂചനകൾ കണ്ടെത്തുന്ന അമ്മമാരെ റഫർ ചെയ്യുകയും ആവശ്യമായ തുടർ സേവനം ഉറപ്പാക്കി 45 ദിവസത്തിന് ശേഷം അമ്മയും കുഞ്ഞും ആരോഗ്യത്തോടെയാണെന്ന് ബന്ധപ്പെട്ട JPHN / Doctor പരിശോധിച്ച് ഉറപ്പാക്കുക<br>2. ആശയുടെ EC ആകണമെന്നില്ല. | 1. ആശ ഫീൽഡ് റഫറൻസ് ഗൈഡ്<br>2. MCP കാർഡിൽ HBNC വിസിറ്റിന്റെ ഭാഗം പൂരിപ്പിച്ചതിന്റെ ഫോട്ടോ/സോഫ്റ്റ് കോപ്പി | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |
| പ്രസവാനന്തര കാലഘട്ടത്തിലെ അപകട ലക്ഷണങ്ങൾ: അമിത രക്തസ്രാവം, അതായത് 20-30 മിനിറ്റിനുള്ളിൽ 2-3 പാഡുകളിൽ കൂടുതൽ കുതിർക്കുക, മൂത്രത്തിന്റെയോ ചർമ്മത്തിന്റെയോ കണ്ണുകളുടെയോ മഞ്ഞനിറം, വിളറിയ ചർമ്മം അല്ലെങ്കിൽ കണ്ണുകൾ, തലകറക്കം അല്ലെങ്കിൽ ബലഹീനത, വിണ്ടുകീറിയ മുലക്കണ്ണുകൾ, മലബന്ധം, പനി, പെട്ടെന്നുള്ള ക്ഷീണം, മുഖത്തും കൈകളിലും കാലുകളിലും വീക്കം, കഠിനമായ വയറുവേദന, ശ്വസിക്കാൻ ബുദ്ധിമുട്ട്, ദുർഗന്ധം വമിക്കുന്ന ലോച്ചിയ, പ്രസവശേഷം മൂത്രമൊഴിക്കാനുള്ള കഴിവില്ലായ്മ, അസാധാരണമായ പെരുമാറ്റം, മൂത്രം ഒഴിക്കുമ്പോൾ അനുഭവപ്പെടുന്ന പുകച്ചിലും വേദനയും. | | | | | | | | |
| 6 | | വന്ധ്യംകരണ | ഒരു | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ശസ്ത്രക്രിയ/പി പി എസ് | കേസിന് 150 രൂപ (സ്ത്രീ) | 42.1 | വന്ധ്യംകരണ ശസ്ത്രക്രിയക്ക് സ്ത്രീകളെ സർക്കാർ/സ്വകാര്യ ആശുപത്രികളിലേക്ക് പ്രമോട്ട് ചെയ്യുകയും ശസ്ത്രക്രിയ ചെയ്തുവെന്ന് ഉറപ്പാക്കുകയും ചെയ്യുക | ഡിസ്ചാർജ്ജ് സമ്മറിയുടെ കോപ്പി | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |
| 7 | കുടുംബാസൂത്രണം (Family Planning) | വന്ധ്യംകരണ ശസ്ത്രക്രിയ/NSV | ഒരു കേസിന് 200 രൂപ (പുരുഷൻ) | 43.1 | വന്ധ്യംകരണ ശസ്ത്രക്രിയക്ക് പുരുഷൻമാരെ സർക്കാർ/സ്വകാര്യ ആശുപത്രികളിലേക്ക് പ്രൊമോട്ട് ചെയ്യുകയും ശസ്ത്രക്രിയ ചെയ്തുവെന്ന് ഉറപ്പാക്കുകയും ചെയ്യുക | ഡിസ്ചാർജ്ജ് സമ്മറിയുടെ കോപ്പി | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |
| 8 | | PPIUCD - (Post-Partum Intrauterine Contraceptive Device) സർക്കാർ/ സ്വകാര്യ | ഒരു കേസിന് 150 രൂപ | 44.3 | പ്രസവത്തോടനുബന്ധിച്ച് ഐ യു ഡി ചെയ്യുന്നതിനായി സ്ത്രീകളെ പ്രൊമോട്ട് ചെയ്ത് ഐ യു ഡി നിക്ഷേപിച്ചുവെന്ന് ഉറപ്പുവരുത്തുക | ഡിസ്ചാർജ്ജ് സമ്മറിയുടെ കോപ്പി | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |
| 9 | | PAIUCD- (Post-Abortion Intrauterine Contraceptive Device) സർക്കാർ/ | ഒരു കേസിന് 150 രൂപ | 44.7 | അബോർഷനു ശേഷം ഐ യു ഡി ചെയ്യുന്നതിനായി സ്ത്രീകളെ പ്രൊമോട്ട് ചെയ്ത് ഐ യു ഡി നിക്ഷേപിച്ചുവെന്ന് ഉറപ്പുവരുത്തുക | ഡിസ്ചാർജ്ജ് സമ്മറിയുടെ കോപ്പി | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സ്വകാര്യ | | | | | |
| 10 | | ഗർഭ നിരോധന ഇഞ്ചക്ഷൻ (ANTARA) | ഒരു ഗുണഭോക്താവിന് ഒരു ഡോസിന 100 രൂപ | 45.7 | ഗർഭ നിരോധന ഇഞ്ചക്ഷൻ എടുക്കുന്നതിന് സ്ത്രീകളെ സർക്കാർ ആശുപത്രിയിലേക്ക് പ്രൊമോട്ട് ചെയ്ത് ഇഞ്ചക്ഷൻ എടുത്തു എന്ന് ഉറപ്പുവരുത്തുക | ആശുപത്രിയിൽ നിന്നുള്ള ഡോക്ടറുടെ കുറിപ്പടി | ജെ പി എച്ച്. എൻ | ഗുണഭോക്താക്കളുടെ എണ്ണം |

അന്തര ഗർഭ നിരോധന ഇഞ്ചക്ഷൻ:- മൂന്ന് മാസം കൂടുമ്പോൾ എടുക്കേണ്ട ഹോർമോൺ ഇഞ്ചക്ഷൻ ആണിത്. എടുക്കേണ്ട തീയതിക്ക് എടുക്കാൻ സാധിക്കില്ല എങ്കിൽ 15 ദിവസം മുൻപോ 4 ആഴ്ച്ചക്കുള്ളിലോ എടുക്കാവുന്നതാണ്. ഡോക്ടർ പരിശോധിച്ചതിന് ശേഷം മാത്രം ഇഞ്ചക്ഷൻ എടുക്കേണ്ടതാണ്. പ്രസവാനന്തരം 6 ആഴ്ചക്ക് ശേഷവും ഗർഭഛിദ്രത്തിന് ശേഷം 7 ദിവസത്തിനുള്ളിലോ സ്വീകരിക്കാം. ചിലരിൽ മാസമുറയിൽ ചെറിയ വ്യതിയാനങ്ങൾ കണ്ടേക്കാം നേരിയ തോതിലോ അമിതമായോ ക്രമമല്ലാതെയോ രക്തസ്രാവം ഉണ്ടാകാം. ഈ മാറ്റങ്ങൾ കുടുംബാസൂത്രണ മാർഗ്ഗം ഉപയോഗിക്കാതിരുന്ന പക്ഷം സാധാരണ നിലയിലേക്ക് തിരിച്ച് വരുന്നു. അവസാന ഇഞ്ചക്ഷന് ശേഷം 7 - 10 മാസം വരെയുള്ള കാലയളവിൽ പ്രത്യുൽപാദന ശേഷി വീണ്ടെടുക്കുവാൻ സാധിക്കും.

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | ന്യൂട്രീഷൻ (Nutrition) | MAA പ്രോഗ്രാം | ക്വാർട്ടർലി 100 രൂപ വീതം | 56.7 | മൂന്ന് മാസത്തിൽ ഒരിക്കൽ പ്രവർത്തന പരിധിയിലെ മുലയൂട്ടുന്ന അമ്മമാരെയും ഗർഭിണികളെയും പ്രോഗ്രാമിന്റെ ഭാഗമായി മീറ്റിംഗിൽ പങ്കെടുപ്പിക്കുകയും മിനിറ്റ്സ് എഴുതി സൂക്ഷിക്കുകയും ചെയ്യുക | മീറ്റിംഗ് മിനിറ്റ്സ് | ജെ പി എച്ച്. എൻ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 12 | | 5 വയസ്സുവരെയുള്ള കുട്ടികളെ ന്യൂട്രീഷണൽ | ഒരു കുട്ടിക്ക് 50 രൂപ വീതം | 54.7 | എൻ.ആർ.സിയിലേക്ക് SAM കുട്ടികളെ റഫർ ചെയ്യുന്നതിന് | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | കുട്ടികളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | റീഹാബിലിറ്റേഷൻ സെന്ററിലേക്ക് (NRC) റഫർ ചെയ്യുന്നതിന് 1 | | | | | | |
| 13 | | ന്യൂട്രീഷണൽ റീഹാബിലിറ്റേഷൻ സെന്ററിൽ (NRC) നിന്നും ഡിസ്ചാർജ്ജ് ചെയ്ത കുട്ടിയുടെ തുടർപരിചരണത്തിനായി ഭവന സന്ദർശനം നടത്തുന്നതിന് 2— | ഒരു കുട്ടിക്ക് 100 രൂപ വീതം | 54.7 | എൻ.ആർ.സി നിന്നും ഡിസ്ചാർജ്ജ് ചെയ്യുന്ന SAM കുട്ടികളെ പ്രതിമാസ ഫോളോഅപ് ചെയ്യുന്നതിന് മൂന്നു മാസത്തിലൊരിക്കൽ ഉള്ള ഇൻസെന്റീവ് (3,6,9,12 മാസങ്ങളിൽ) | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | കുട്ടികളുടെ എണ്ണം |
| 1. NRC ഇൻസെന്റീവ് വയനാട്, പാലക്കാട് ജില്ലകളിൽ മാത്രം<br>2. എൻ.ആർ.സി യിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുന്ന SAM കുട്ടികളെ ഒരു വർഷം വരെ പ്രതിമാസ ഫോളോ അപ് ചെയ്യുക | | | | | | | | |
| 14 | | NDD ദേശീയ വിരവിമുക്ത പരിപാടി | 100 രൂപ വർഷത്തിൽ 2 പ്രാവശ്യം | 53.7 | ആറു മാസത്തിലൊരിക്കൽ തങ്ങളുടെ ഏരിയയിലെ 1 മുതൽ 19 വയസ്സു വരെയുള്ള കുട്ടികൾ വിരഗുളിക കഴിച്ചെന്ന് ഉറപ്പ് വരുത്തി റിപ്പോർട്ട് ചെയ്യുക. | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 15 | ന്യൂട്രീഷൻ (Nutrition) | IDCF (ഇന്റൻസിഫൈഡ് ഡയറിയ കൺട്രോൾ ഫോർട്ട് നൈറ്റ്) | 100 രൂപ വർഷത്തിൽ | 58.7 | 5 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ വീടുകളിൽ ആവശ്യമായ സർവ്വേ നടത്തി ഒ ആർ എസ് വിതരണം ചെയ്യുക | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 16 | | NIPI- National Iron Plus Initiative (കുട്ടികൾക്ക്) | എല്ലാ മാസത്തിലും 100 രൂപ | 52.7 | 6 മാസം മുതൽ 59 മാസം വരെ പ്രായമുള്ള കുട്ടികൾക്ക് അയൺ സിറപ്പ് ലഭ്യമാക്കുകയും ആഴ്ചയിൽ രണ്ടു തവണ അത് കഴിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുകയും ചെയ്യുക. | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 17 | | NIPI- National Iron Plus Initiative (സ്ത്രീകൾക്ക്) | എല്ലാ മാസത്തിലും 50 രൂപ | 52.7 | 20 വയസ്സു മുതൽ 49 വയസ്സു വരെയുള്ള സ്ത്രീകൾക്ക് (മുലയൂട്ടുന്ന അമ്മമാരും ഗർഭിണികളും ഒഴികെ) അയൺ ഗുളിക വിതരണം ചെയ്യുക, ആഴ്ചയിൽ ഒരിക്കൽ കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 18 | ശിശു ആരോ | HBNC (Home Based New Born Care) ഭവന കേന്ദ്രീകൃത | ഒരു കുട്ടിക്ക് 250 രൂപ വീതം | 23.7 | കുട്ടികളുടെ പരിപാലനത്തിനായി ഭവന സന്ദർശനം നടത്തി അമ്മയുടേയും കുഞ്ഞിന്റേയും ആരോഗ്യ പരിപാലനത്തിനാവശ്യമായ | 1. ആശ ഫീൽഡ് റഫറൻസ് ഗൈഡ് 2. എം സി പി കാർഡിന്റെ | ജെ പി എച്ച്. എൻ | ഹോം ഡെലിവറി 1,3,7,14,21,28,42 ദിവസങ്ങളിൽ നോർമൽ ഡെലിവറി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഗ്യ സംരക്ഷണം (Child Health ) | നവജാത ശിശു പരിപാലനം (42 ദിവസത്തെ തുടർ പരിചരണത്തിന്) | | | വിവരങ്ങൾ കൈമാറുക | HBNC ഭാഗം ആശ പൂരിപ്പിച്ചതിന്റെ ഫോട്ടോ/ സോഫ്റ്റ് കോപ്പി | | 3,7,14,21,28,42 ദിവസങ്ങളിൽ<br>സിസേറിയൻ 7,14,21,28,42 ദിവസങ്ങളിൽ |
| 19 | | HBYC (Home Based care for Young Child) ഭവന കേന്ദ്രീകൃത ശിശു പരിപാലനം | ഓരോ സന്ദർശനത്തിനും ഒരു കുട്ടിക്ക് 50 രൂപ വീതം | 23.7 | 3,6,9,12,15- മാസം പ്രായമുള്ള കുഞ്ഞുങ്ങളുള്ള വീടുകൾ സന്ദർശിച്ച് നിർദിഷ്ട സേവനങ്ങൾ നൽകുക | 1. ആശ ഫീൽഡ് റഫറൻസ് ഗൈഡ്<br>2. എം സി പി കാർഡിന്റെ HBYC ഭാഗം ആശ പൂരിപ്പിച്ചതിന്റെ ഫോട്ടോ/ സോഫ്റ്റ് കോപ്പി | ജെ പി എച്ച്. എൻ | കുട്ടികളുടെ എണ്ണം<br>3 മാസം,<br>6 മാസം,<br>9 മാസം,<br>12 മാസം,<br>15 മാസം |
| ആശയുടെ EC ആകണമെന്നില്ല | | | | | | | | |
| 20 | ശിശു ആരോഗ്യ സംരക്ഷണം (Child Health) | Child Death Incentive (ശിശു മരണം) | ഒരു കുട്ടിക്ക് 50 രൂപ വീതം | 25.7 | വീടുകളിലോ സ്വകാര്യ ആശുപത്രികളിലോ 5 വയസിന് താഴെ ഉള്ള കുട്ടികളുടെ മരണം നടന്നാൽ മെഡിക്കൽ ഓഫീസരെ അറിയിക്കുന്നതിനും ഇത് സംബന്ധിച്ച് രേഖകൾ തയ്യാറാക്കുന്നതിനുള്ള വിവര ശേഖരണത്തിൽ സഹായിക്കുന്നതിനും ഒരു ആശക്ക് ഒരു കേസിന് 50 രൂപ | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | കുട്ടികളുടെ എണ്ണം |
| 21 | ഇമ്മ്യൂ | പ്രതിരോധ കുത്തിവയ്പ്പുക | ഒരു കുട്ടിക്ക് | | 1. അഞ്ചു വയസ്സുവരെയുള്ള എല്ലാ | ആശ ഫീൽഡ് | ജെ പി എച്ച്. | കുട്ടികളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ണൈസേഷൻ (Immunization) | ൾ & വിറ്റാമിൻ എ | 20 രൂപ വീതം | 32.7 | കുട്ടികളെയും പ്രതിരോധ കുത്തിവയ്പ്പുകൾക്കായി സർക്കാർ/ സ്വകാര്യ സേവന കേന്ദ്രങ്ങളിൽ എത്തിക്കുക. 2. വൈറ്റമിൻ എ കൊടുക്കുന്നതിന് മാത്രമായി ഒരു കുട്ടിയെ കൊണ്ടുവന്നാലും ഇൻസെന്റീവ് നൽകേണ്ടതാണ്. | റഫറൻസ് ഗൈഡ് | എൻ | |
| പ്രതിരോധ കുത്തിവെയ്പുകളുമായി ബന്ധപ്പെട്ട ഇൻസെന്റീവ് നൽകുന്നതിന് ആവശ്യമായ രേഖകൾ ജെ പി എച്ച് എൻ മാർ നേരിട്ടോ ഫോൺ മുഖേനയോ പരിശോധിക്കേണ്ടതാണ്. ഇതിനായി പകർപ്പുകൾ ഹാജരാക്കേണ്ടതില്ല | | | | | | | | |
| 22 | ഇമ്മ്യൂണൈസേഷൻ (Immunization) | പൂർണ്ണ പ്രതിരോധ കുത്തിവെയ്പ്പുകൾ (ഒരു വയസ്സുവരെ) | ഒരു കുട്ടിക്ക് 100 രൂപ വീതം | 32.7 | ഒരു വയസ്സു വരെയുള്ള എല്ലാ കുത്തിവയ്പ്പുകളും എടുത്തുവെന്ന് ഉറപ്പുവരുത്തുക (സർക്കാർ/ സ്വകാര്യ) | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | കുട്ടികളുടെ എണ്ണം |
| 23 | | പൂർണ്ണപ്രതിരോധ കുത്തിവയ്പ്പുകൾ (രണ്ട് വയസ്സു വരെ) | ഒരു കുട്ടിക്ക് 50 രൂപ വീതം | 32.7 | രണ്ടു വയസ്സു വരെയുള്ള എല്ലാ കുത്തിവയ്പ്പുകളും എടുത്തുവെന്ന് ഉറപ്പുവരുത്തുക (സർക്കാർ/ സ്വകാര്യ) | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | കുട്ടികളുടെ എണ്ണം |
| 24 | | 5, 6 വയസ്സിനുള്ളിലുള്ള ഡി പി ടി ബൂസ്റ്റർ | ഒരു കുട്ടിക്ക് 50 രൂപ വീതം | 32.7 | ഡി പി ടി ബ്ലൂസ്റ്റർ കുത്തിവെപ്പ് ആറ് വയസ്സിനുള്ളിൽ എടുക്കുന്നതിന് (സർക്കാർ/ സ്വകാര്യ) | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | കുട്ടികളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | യു. വിൻ പോർട്ടലിൽ എല്ലാ കുട്ടികളെയും പ്രി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. | | | | | | | |
| 25 | കമ്മ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | ABHA ID Creation | ഒരാൾക്ക് 10 രൂപ | 163.7 | ആശയുടെ പരിധിയിൽ വരുന്ന EC (പുതിയതും/ റീ രജിസ്ട്രേഷൻ) | ആശ ഫീൽഡ് റഫറൻസ് ഗൈഡ്, ABHA ID നമ്പർ | ജെ പി എച്ച്. എൻ | ABHA ID എണ്ണം |
| 26 | നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് (NCD) | ശൈലി (State Health Initiative for Life Style Intervention) (വർഷികാരോഗ്യ പരിശോധന) | ഒരാൾക്ക് 5 രൂപ | 110 | 30 വയസ്സിന് മുകളിലുള്ള ആളുകളെ സർവ്വേ ചെയ്യുക | ശൈലി ഡാഷ് ബോർഡ് | ജെ എ ച്ച് ഐ | ശൈലിഡാഷ് ബോർഡിലെ സർവ്വേ നടത്തിയ ആളുകളുടെ എണ്ണം |
| 27 | | NPCB- National Programme for Control of Blindness | ഒരാൾക്ക് 200 രൂപ | 87.4 | തിമിരരോഗ ശസ്ത്രക്രിയ ചെയ്യുന്നതിന് ആളുകളെ സർക്കാർ ആശുപത്രിയിലേക്ക് പ്രമോട്ട് ചെയ്ത് ആവശ്യമായ സപ്പോർട്ട് നൽകുക | ഡിസ്ചാർജ്ജ് സമ്മറിയുടെ സോഫ്റ്റ് കോപ്പി | ജെ എ ച്ച് ഐ | ഗുണഭോക്താക്കളുടെ എണ്ണം |
| 28 | | സമ്പൂർണ്ണ മാനസിക ആരോഗ്യ | ഒരാൾക്ക് 200 രൂപ | 97.7 | ആശമാർ മാനസികാരോഗ്യ ക്ലിനിക്കിലേക്കോ/ ക്യാമ്പിലേക്കോ | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ എ ച്ച് ഐ | ആളുകളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പരിപാടി | | | റഫർ ചെയ്യുന്നവരിൽ പുതിയ കേസ് സൈക്യാട്രിസ്റ്റ് കണ്ടെത്തുന്നതിന് | | | |
| കണ്ടെത്തുന്ന പുതിയ കേസിന്റ ഫോളോ അപ്പ് നടത്തേണ്ടതാണ് | | | | | | | | |
| 29 | നാഷണൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം (NDCP) | NLEP- National Leprosy Eradication Programme ( condition 1 ) | 250 രൂപ അല്ലെങ്കിൽ 200 രൂപ | 69.7 | 1. വൈകല്യങ്ങൾ പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് (250 രൂപ)<br>2. ശേഷം (200 രൂപ) ആശ റഫർ ചെയ്യ്ത് കണ്ടെത്തുന്ന പുതിയ കേസ് | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ എ ച്ച് ഐ | ആളുകളുടെ എണ്ണം |
| 30 | നാഷണൽ ഡിസീസ് കൺട്രോൾ പ്രോഗ്രാം (NDCP) | NLEP- National Leprosy Eradication Programme ( condition 2) | പി.ബി കേസിന് 400 രൂപ | 69.7 | ആറുമാസത്തെ ചികിത്സ പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കുക | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ എ ച്ച് ഐ | ആളുകളുടെ എണ്ണം |
| 31 | | NLEP- National Leprosy Eradication Programme | എം.ബി കേസിന് 600 രൂപ | 69.7 | ഒരു വർഷത്തെ ചികിത്സ പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കുക | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ എ ച്ച് ഐ | ആളുകളുടെ എണ്ണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | (Condition 3) | | | | | | |
| 32 | | എൻ.ഐ.ഡി. ഡി.സി പ്രോഗ്രാം | മാസത്തിൽ 25 രൂപ | 62.7 | ഉപ്പ് പരിശോധിക്കുക (പ്രതിമാസം കുറഞ്ഞത് 50 സാമ്പിളുകൾ) അയഡിന്റെ കുറവു മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ എ ച്ച് ഐ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| കൊല്ലം, പാലക്കാട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ | | | | | | | | |
| 33 | | എൻ. ഡി. സി. പി. പ്രോഗ്രാം | ഔട്ട് ബ്രേക്ക് നടക്കുന്ന സ്ഥലങ്ങളിലെ ആശമാർക്ക് മാത്രം മാസത്തിൽ 250 രൂപ | 67.7 | ഡെങ്കി, ചിക്കൻഗുനിയ ഔട്ട് ബ്രേക്ക് (IHIP പോർട്ടലിൽ റിപ്പോർട്ട് ചെയ്യിട്ടുള്ളവ)<br>ഔട്ട്ബ്രേക്ക് പ്രദേശത്ത് ഗൃഹ സന്ദർശനം നടത്തി പനി കേസുകൾ JAK ടീമിന് റിപ്പോർട്ട് ചെയ്യുക.<br>PHC/ JAK ടീം നടത്തുന്ന ഉറവിട നശീകരണ പ്രവർത്തനങ്ങൾ, ലാർവ്വ സർവ്വേ (തുടർ സർവ്വേകൾ ഉൾപ്പടെ) തുടങ്ങിയവയിൽ പങ്കെടുക്കുക | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ എ ച്ച് ഐ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 34 | കമ്യൂണിറ്റി എൻഗേജ്മെന്റ് (Communi | പഞ്ചായത്ത് /ആശുപത്രിതല അവലോകന യോഗം | മാസത്തിൽ 100 രൂപ | 159.7 | ആശമാർ പ്രതിമാസ അവലോകന യോഗത്തിൽ പങ്കെടുക്കുക | മീറ്റിംഗ് ഹാജർ ബുക്ക് | ജെ എ ച്ച് ഐ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 35 | ty Engagement) | മൊബൈൽ ഫോൺ അലവൻസ് | മാസത്തിൽ 200 രൂപ | 159.7 | നിലവിൽ പ്രവർത്തിക്കുന്ന എല്ലാ ആശമാർക്കും പ്രതിമാസ ഫോൺ അലവൻസിന് അർഹത ഉണ്ടായിരിക്കുന്നതാണ് | പ്രതിമാസ റിപ്പോർട്ട് | MLSP | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 36 | | പി എം ജെ ജെ ബി വൈ | വർഷത്തിലൊരിക്കൽ 436 രൂപ | 159.7 | പ്രായം അനുസരിച്ച് ബാങ്ക് മുഖേന ഇൻഷുറൻസ് സ്കീമിൽ ചേരാവുന്നതാണ് | തുക അടച്ചതിന്റെ രേഖ (ബാങ്ക് പാസ് ബുക്കിന്റെ കോപ്പി) | MLSP | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 37 | | പി എം എസ് ബി വൈ | വർഷത്തിലൊരിക്കൽ 20 രൂപ | 159.7 | പ്രായം അനുസരിച്ച് ബാങ്ക് മുഖേന ഇൻഷുറൻസ് സ്കീമിൽ ചേരാവുന്നതാണ് | തുക അടച്ചതിന്റെ രേഖ (ബാങ്ക് പാസ് ബുക്കിന്റെ കോപ്പി) | MLSP | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| 38 | | പി എം എസ് വൈ എം | പ്രായത്തിനനുസരിച്ച് പരമാവധി 200 രൂപ (പ്രതിമാസം) | 159.7 | പ്രായം അനുസരിച്ച് ബാങ്ക് മുഖേന ഇൻഷുറൻസ് സ്കീമിൽ ചേരാവുന്നതാണ് | തുക അടച്ചതിന്റെ രേഖ (ബാങ്ക് പാസ് ബുക്കിന്റെ കോപ്പി) | MLSP | പ്രായത്തിന് അനുസരിച്ചുള്ള തുക |
| പി എം ജെ ജെ ബി വൈ, പി എം എസ് ബി വൈ, പി എം എസ് വൈ എം എന്നി പദ്ധതികളുടെ വിവരണം അനുബന്ധമായി ചേർത്തിട്ടുണ്ട് | | | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| നിശ്ചിത ഇൻസെന്റീവ് | | | | | | |
| 39 | നിശ്ചിത ഇൻസെന്റീവ് 1 (കമ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | 1000 രൂപ | ആശയുടെ പ്രവർത്തനമേഖലയിലെ തുടർച്ചയായ 50 വീട് സന്ദർശനം നടത്തി ആവശ്യമായ സേവനം നൽകുക | ആശ ഫീൽഡ് റഫറൻസ് ഗൈഡ് | ജെ പി എച്ച്. എൻ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| | | | ആശയുടെ പ്രവർത്തന മേഖലയിലെ 50 മുൻഗണന വീട് സന്ദർശനം നടത്തി ആവശ്യമായ സേവനം നൽകുക (ഗർഭിണികൾ, ഒറ്റക്ക് താമസിക്കുന്നവർ, കിടപ്പിലായവർ, അതിദരിദ്രർ) | | | |
| | | | വീടുകളുടെ എണ്ണം 100 ൽ താഴയുള്ള ഹാംലറ്റ് ആശമാർ അവരുടെ എല്ലാ വീടുകളിലും സന്ദർശനം നടത്തിയാൽ മേൽ പറഞ്ഞ ഇൻസെൻറീവ് നൽകേണ്ടതാണ് | | | |
| 40 | നിശ്ചിത ഇൻസെന്റീവ് 2 ( കമ്യൂണിറ്റി എൻഗേജ്മെന്റ് (Community Engagement) | 1000 രൂപ | വാർഡ് ആരോഗ്യ റിപ്പോർട്ട് തയ്യാറാക്കുക | വാർഡ് ആരോഗ്യ റിപ്പോർട്ട് | ജെ എ ച്ച് ഐ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| | | | വാർഡ് അവലോകന യോഗം നടത്തുക | മിനിറ്റ്സ് ബുക്ക് | ജെ എ ച്ച് ഐ | |
| | | | ജനകീയ ആരോഗ്യകേന്ദ്രത്തിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പങ്കെടുക്കുക | മിനിറ്റ്സ് ബുക്ക് | MLSP | |

| | | | | | | |
|---|---|---|---|---|---|---|
| | | | മാതൃസ്ഥാപനത്തിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പങ്കെടുക്കുക | മിനിറ്റ്സ് ബുക്ക് | ജെ എ ച്ച് ഐ | |
| | | | മേൽ പറഞ്ഞ പ്രവർത്തനങ്ങളിൽ എതെങ്കിലും 2 എണ്ണം ചെയ്യുന്നവർക്ക് 1000 രൂപ ലഭിക്കുന്നതാണ് | | | |
| 41 | നിശ്ചിത ഇൻസെന്റീവ് 3 (സമഗ്ര പ്രാഥമിക ആരോഗ്യ സംരക്ഷണം (Comprehensive Primary Health Care) | 1000 രൂപ | ആശയുടെ പ്രവർത്തനമേഖലയിൽ നടക്കുന്ന ക്ലിനിക്കുകളിൽ ആളുകളെ പങ്കെടുപ്പിക്കുകയും ആശ പങ്കെടുക്കുകയും ചെയ്യുക. | | | |
| | | | വെൽ വുമൺ ക്ലിനിക്ക് | ക്ലിനിക്ക് രജിസ്റ്റർ | ജെ പി എച്ച്. എൻ | നടന്നെങ്കിൽ 'Yes' ഇല്ലെങ്കിൽ 'NO' |
| | | | എൻ.സി.ഡി ക്ലിനിക്ക് | | ജെ എ ച്ച് ഐ | |
| | | | വിഷയാധിഷ്ഠിത ക്ലിനിക്ക് | | MLSP | |
| | | | മേൽ പറഞ്ഞ ക്ലിനിക്കുകളിൽ എതെങ്കിലും 2 ക്ലിനിക്കിൽ പങ്കെടുക്കുന്നവർക്ക് 1000 രൂപ ലഭിക്കുന്നതാണ് | | | |

1. ഫിക്സഡ് ഇൻസെന്റീവ് 2000 രൂപയും പെർഫോമൻസ് ഇൻസെന്റീവ് 500 രൂപയും (ആകെ 2500 രൂപ) ലഭിക്കുന്നവർക്ക് 7000 രൂപ ഹോണറേറിയം നൽകുന്നു
2. ഹാംലറ്റ് ആശമാർക്ക് 2000 ഫികസ്ഡ് ഇൻസെന്റീവ് ലഭിച്ചാൽ 7000 രൂപ ഹോണറേറിയം നൽകുന്നു
3. ഫിക്സഡ് ഇൻസെന്റീവ് 1000 രൂപ ലഭിക്കുന്നവർക്ക് 3500 രൂപ ഹോണറേറിയം നൽകുന്നു

എല്ലാ ഫീൽഡ് തല പ്രവർത്തനങ്ങളും ആശ ഫീൽഡ് റഫറൻസ് ഗൈഡിൽ നിഷ്ക്കർഷിച്ചിട്ടുള്ള പേജുകളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതു കൂടാതെ വാർഡ് അവലോകന യോഗത്തിന്റെ മിനുട്ട്സ്, MAA പ്രോഗ്രാമിന്റെ മിനുട്ട്സ്, എന്നിവ എഴുതുന്നതിനു പ്രത്യേകമായി ഒരു നോട്ട് ബുക്ക് സൂക്ഷിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ രേഖകൾ /പുസ്തകങ്ങൾ ഒന്നും തന്നെ സൂക്ഷിക്കേണ്ടതില്ല.

**ഡയറക്ടർ, ആരോഗ്യവകുപ്പ്**

**സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം**

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

ജില്ലാ പ്രോഗ്രാം മാനേജർമാർക്കും

അനുബന്ധം

## പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമ യോജന (PMJJBY )

ഒരു ഇൻഷുറൻസ് പദ്ധതിയെന്ന നിലയിൽ പ്രധാൻ മന്ത്രി ജീവൻ ജ്യോതി ഭീമ യോജന, 18 നും 50 നും ഇടയിൽ പ്രായമുള്ളവർക്ക് ലഭ്യമാണ് ഇത് പുതുക്കാവുന്ന ടേം ഇൻഷുറൻസ് പോളിസിയാണ്. പ്രതിവർഷ ലൈഫ് ഇൻഷുറൻസ് പരിരക്ഷയാണ് വരിക്കാർക്ക് വാഗ്ദാനം ചെയ്യുന്നത്. ഇൻഷ്വർ ചെയ്ത വ്യക്തിയ്ക്ക് മരണം സംഭവിച്ചാൽ 2 ലക്ഷം രൂപ ലഭിക്കും. പ്രതിവർഷം പ്രീമിയം എന്നത് 436 രൂപ അടക്കേണ്ടത്.

പോളിസി ഒരു വർഷത്തേക്ക് ലൈഫ് കവറേജ് നൽകുന്നു. ഇൻഷ്വർ ചെയ്തയാൾക്ക് എല്ലാ വർഷവും പോളിസി പുതുക്കാനാകും. ഒരാളുടെ സ്വന്തം ചോയ്സ് അനുസരിച്ച്, ഇൻഷ്വർ ചെയ്തയാൾക്ക് എപ്പോൾ വേണമെങ്കിലും സ്കീമിൽ നിന്ന് പുറത്തുപോകാനും ഭാവിയിൽ വീണ്ടും ചേരാനും കഴിയും. പോളിസി പരമാവധി 2 ലക്ഷം രൂപ ഉറപ്പ് നൽകുന്നു. മാത്രമല്ല, 18 മുതൽ 50 വയസ്സ് വരെയുള്ള എല്ലാ പ്രായക്കാർക്കും പ്രീമിയം നിരക്ക് തുല്യമാണ്.

## പ്രധാനമന്ത്രി സുരക്ഷ ബീമ യോജന (PMSBY)

പ്രധാനമന്ത്രി സുരക്ഷ ബീമ യോജന പദ്ധതി പ്രകാരം അംഗമായ ഒരാൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ ഈ പദ്ധതി ഉപകാരപ്രദമാകും. അപകടം മൂലം മരണം സംഭവിക്കുകയോ അംഗവൈകല്യങ്ങൾ സംഭവിക്കുകയോ ചെയ്താൽ അയാളുടെ കുടുംബത്തിന് രണ്ടു ലക്ഷം രൂപയാണ് ലഭിക്കുക. എന്നാൽ ഭാഗിക അംഗവൈകല്യമാണ് ഉള്ളതെങ്കിൽ ഒരു ലക്ഷം രൂപ വരെ ലഭിക്കും 18 വയസ്സ് മുതൽ 70 വയസ്സ് വരെ ഉള്ളവർക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുക സ്വാഭാവിക മരണത്തിന് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതല്ല. പദ്ധതിയിൽ അംഗമാകാൻ ഒരാൾ അടക്കേണ്ടത് പ്രതിവർഷം വെറും 12 രൂപയാണ്. അംഗങ്ങളാകുന്നവർക്ക് സ്വന്തമായി ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം എന്നത് നിർബന്ധമാണ്. പൊതുമേഖല ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. Dips//www.jansuraksha.gov.in/Forms PMSBY.asps വെബ്സൈറ്റിൽ നിന്ന് അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യുക. ഇത് പൂരിപ്പിച്ച് നിങ്ങളുടെ ബാങ്കിൽ സമർപ്പിച്ചാൽ മതി.

## പ്രധാനമന്ത്രി ശ്രം മാൻ ധൻ യോഗി യോജന(PM SYM )

അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ചുമട്ടുതൊഴിലാളികൾ, കാർഷിക മേഖലയിൽ ജോലി ചെയ്യുന്നവർ, നിർമാണ മേഖലയിലെ തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, മോട്ടോർ വെഹിക്കിൾ ജീവനക്കാർ തുടങ്ങിയവർക്ക് പദ്ധതി പ്രകാരം അപേക്ഷിക്കാം. PMSYM പദ്ധതി അസംഘടിത തൊഴിൽ മേഖലയിലുള്ളവർക്കുള്ള വളണ്ടറി കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണ്. 18 വയസ്സ് മുതൽ 40 വയസ്സ് വരെയുള്ള 15000 രൂപക്ക് താഴെ വരുമാനമുള്ളവർക്കാണ് പ്രയോജനം ലഭിക്കുന്നത് മാസംതോറം 3000 രൂപയാണ്. പെൻഷൻ ലഭിക്കുന്നത്. പദ്ധതിയിൽ അംഗമാവുന്ന അന്നു മുതൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെ പ്രതിമാസ വിഹിതം അടക്കണം. 60 വയസ്സ് മുതലാണ് ഗുണഭോക്താക്കൾക്ക് പ്രതിമാസ പെൻഷൻ ലഭിക്കുക.

പദ്ധതിയിൽ അംഗമായ വ്യക്തി മരണപ്പെടുകയോ അംഗത്തിന് സ്ഥിര വൈകല്യം സംഭവിക്കുകയൊ ചെയ്താൽ ജീവിത പങ്കാളിക്ക് വിഹിതം അടച്ച് പദ്ധതിയിൽ തുടരാം ഇ.എസ്.ഐ . എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായവർക്ക് പദ്ധതി ബാധകമല്ല. പദ്ധതിയിൽ അംഗങ്ങളാവാൻ താല്പര്യമുള്ളവർ അടുത്തുള്ള കോമൺ സർവ്വീസ് സെന്റർ അല്ലെങ്കിൽ അക്ഷയ കേന്ദ്രമോ സന്ദർശിക്കുക. പദ്ധതിയിൽ അംഗമാകുന്നവരുടെ പ്രായം അനുസരിച്ച അടക്കാനുള്ള പ്രതിമാസ അംശദായം താഴെ ചേർക്കുന്നു.

| Sl.no | Entry age | Superannuation Age | Beneficiary Monthly contribution | Central Govt. Monthly contribution | Total monthly contribution |
|---|---|---|---|---|---|
| | 1 | 2 | 3 | 4 | (3) + (4) |
| 1 | 18 | 60 | 55 | 55 | 110 |
| 2 | 19 | 60 | 58 | 58 | 116 |
| 3 | 20 | 60 | 61 | 61 | 122 |
| 4 | 21 | 60 | 64 | 64 | 128 |
| 5 | 22 | 60 | 68 | 68 | 136 |
| 6 | 23 | 60 | 72 | 72 | 144 |
| 7 | 24 | 60 | 76 | 76 | 152 |
| 8 | 25 | 60 | 80 | 80 | 160 |
| 9 | 26 | 60 | 85 | 85 | 170 |
| 10 | 27 | 60 | 90 | 90 | 180 |

| | | | | | |
|---|---|---|---|---|---|
| 11 | 28 | 60 | 95 | 95 | 190 |
| 12 | 29 | 60 | 100 | 100 | 200 |
| 13 | 30 | 60 | 105 | 105 | 210 |
| 14 | 31 | 60 | 110 | 110 | 220 |
| 15 | 32 | 60 | 120 | 120 | 240 |
| 16 | 33 | 60 | 130 | 130 | 260 |
| 17 | 34 | 60 | 140 | 140 | 280 |
| 18 | 35 | 60 | 150 | 150 | 300 |
| 19 | 36 | 60 | 160 | 160 | 320 |
| 20 | 37 | 60 | 170 | 170 | 340 |
| 21 | 38 | 60 | 180 | 180 | 360 |
| 22 | 39 | 60 | 190 | 190 | 380 |
| 23 | 40 | 60 | 200 | 200 | 400 |